# പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2274

18-12.2012 ൽ മറുപടിയ്ക്ക്

### 97-ാം ഭരണഘടനാ ഭേദഗതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. റ്റി. വി. രാജേഷ് | ശ്രീ. സി. എൻ. ബാലകൃഷ്ണൻ (സഹകരണവും ഖാദി ഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| (എ) 97-ാം ഭരണഘടനാ ഭേദഗതി കേരള ത്തിലെ സഹകരണ സംഘങ്ങളെ പ്രതി കൂലമായി ബാധിക്കും എന്നുള്ളത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 97-ാം ഭരണഘടനാ (ഭേദഗതി ) നിയമം, 2011 ലെ വ്യവസ്ഥകളിൽ ഭൂരിഭാഗവും നിലവിലുള്ള സംസ്ഥാന സഹകരണ നിയമത്തിൽ ഉൾപ്പെട്ടിട്ടുള്ളവയാണ്. ടി ഭേദഗതി മൂലം സംസ്ഥാനത്തെ സഹകരണ മേഖലയിൽ യാതൊരു ആശങ്കയും ഉണ്ടായിട്ടില്ല. |
| (ബി) 97-ാം ഭരണഘടനാ ഭേദഗതിമൂലം സഹക രണമേഖലയിലു ണ്ടായ ആശങ്ക അകറ്റു ന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; | (ബി) (യും) |
| (സി) ഈ ഭരണഘടനാഭേദഗതിയിലൂടെ കേരള ത്തിലെ സഹകരണ പ്രസ്ഥാനത്തിന് എന്തൊക്കെ പ്രയോജന ങ്ങളാണ് പ്രതീക്ഷിക്കുന്നത് ; വിശദാംശം നൽകുമോ ? | (സി) 97-ാം ഭരണഘടനാ (ഭേദഗതി ) നിയമം, 2011 പ്രകാരം സഹകരണ സംഘങ്ങളുടെ രൂപീകരണം ഭരണഘടനയിലെ മൗലികാവകാശങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ടി ഭേദഗതി നിയമത്തിലെ വ്യവസ്ഥകളിൽ ഭൂരിഭാഗവും നിലവിലുള്ള സംസ്ഥാന സഹകരണ നിയമത്തിൽ ഉള്ളവയാണ്. ഭരണഘടനാ ഭേദഗതി നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള, സാമ്പത്തിക വർഷം അവസാനിച്ച് 6 മാസത്തിനകം ആഡിറ്റ് ചെയ്തിരിക്കണമെന്നും, അപ്പക്സ് സ്ഥാപനങ്ങളുടെ ആഡിറ്റ് സർട്ടിഫിക്കറ്റ് സംസ്ഥാന നിയമ സഭ മുമ്പാകെ സമർപ്പിക്കണമെന്നും, സംഘത്തിന്റെ ഭരണത്തിൽ അംഗങ്ങൾക്കുള്ള |

പങ്കാളിത്തം ഉറപ്പ് വരുത്തുന്നതിന് കുറഞ്ഞ യോഗ്യത നിശ്ചയിക്കണമെന്നും, സംഘത്തിന്റെ ബുക്കുകൾ, കണക്കുകൾ, രേഖകൾ തുടങ്ങിയവ ഒരു അധികാരപ്പെടുത്തിയ ആളിന് കൈമാറുന്നതിൽ മന:പൂർവ്വമായ വീഴ്ച വരുത്തുന്നതും ഭരണ സമിതി അംഗങ്ങളോ ഓഫീസ് ചുമതലക്കാരോ ഭരണ സമിതി തെരഞ്ഞെടുപ്പിന് മുൻപോ, തെരഞ്ഞെടുപ്പ് സമയത്തോ ശേഷമോ അഴിമതി നടത്തുന്നതും കുറ്റങ്ങളിൽ ഉൾപ്പെടുത്തണമെന്നും ഉള്ള ഭേദഗതികൾ സംസ്ഥാനത്തെ സഹകരണ മേഖലയിൽ കൂടുതൽ ഗുണപരമായ മാറ്റങ്ങൾക്കുതകുമെന്ന് പ്രതീക്ഷിക്കുന്നു.

സെക്ഷൻ ഓഫീസർ